# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 4049**

**20.03.2018 - ൽ**
**മറുപടിയ്ക്ക്**

### കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം

**ചോദ്യം**
**ശ്രീ. ചിറയം ഗോപകുമാർ**
**ശ്രീ. ഇ.കെ.വിജയൻ**
**ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ**
**ശ്രീ. കെ.രാജൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കർഷകരിൽ നിന്ന് വിത്ത് സംഭരിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കി വിതരണം നടത്തുന്നതിനും നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ; | **എ)** സംസ്ഥാനത്തെ കർഷകരിൽ നിന്നും രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി മുഖേന ഏകദേശം 9000 മെ.ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സംഭരിച്ച് ഓരോ വർഷവും വിരിപ്പ്, മുണ്ടകൻ സീസണുകളിൽ കർഷകർക്ക് ലഭ്യമാക്കി വരുന്നു. പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, മലപ്പുറം ജില്ലകളിലായി 2500 ഹെക്ടർ പാടശേഖരത്തിൽ ആർ.എസ്.ജി.പി. 2017-18 വർഷം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫൗണ്ടേഷൻ വിത്തുകൾ കൃഷി വകുപ്പിന്റെ ഫാമുകളിൽ ഉല്പാദിപ്പിക്കുകയും അത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ച് രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പദ്ധതിയിലൂടെ (RSGP) കർഷകർക്ക് സൗജന്യമായി സർട്ടിഫൈഡ് വിത്തുല്പാദനത്തിന് നൽകുകയുമാണ് ചെയ്തു വരുന്നത്. ശാസ്ത്രീയമായ രീതിയിൽ വിത്ത് വികസന അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ഫൗണ്ടേഷൻ വിത്ത് ഉപയോഗിച്ച് കർഷകർ വിത്തുല്പാദനം നടത്തുന്നു. തുടർന്ന് 3 പ്രാവശ്യം കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ കൃഷിയിടം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. കലർപ്പോ, കളകളോ, രോഗങ്ങളോ, കീടങ്ങളോ ഉണ്ടെങ്കിൽ അവ ഒഴിവാക്കാ നായി നിർദ്ദേശങ്ങൾ നൽകുന്നു. തുടർന്ന് കൊയ്ത്തിനു ശേഷം കൃത്യമായ ഉണക്കും പ്രാഥമിക വൃത്തിയാക്കലും കൃഷി ഓഫീസർ ഉറപ്പു വരുത്തുന്നു. ഇങ്ങനെ തയ്യാറാക്കിയിട്ടുള്ള വിത്ത് ലോട്ടിൽ നിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ (notified seed inspector) സാമ്പിളുകൾ ശേഖരിച്ച് അവ കൃഷി വകുപ്പിന് കീഴിലുള്ള ആലപ്പുഴയിലെയും തിരുവനന്തപുരത്തുമുള്ള വിത്തു പരിശോധനാ ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ടുകൾ സർട്ടിഫിക്കേഷൻ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടുള്ള കൃഷി അഡീഷണൽ ഡയറക്ടർക്ക് (സി.പി.) നൽകുന്നു. തുടർന്ന് സർട്ടിഫൈഡ് വിത്തിനായി ടാഗ് അനുവദിക്കുന്ന മുറയ്ക്ക് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി കർഷകരിൽ നിന്നും വിത്ത് സംഭരിച്ച്, വീണ്ടും സംസ്കരിച്ച് ലേബൽ ചെയ്ത്, പായ്ക്ക് ചെയ്ത് തുടർ കൃഷിയ്ക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നെൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. |
| **ബി)** കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | **ബി)** സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തിന്റെ ഉല്പാദനം, സംഭരണം, സംസ്കരണം, വിതരണം എന്നിവ ഏകോപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് സംസ്ഥാന കാർഷികോത്പാദന കമ്മീഷണർ ചെയർമാനായി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുള്ളത്. കൃഷി ഡയറക്ടർ, ഡയറക്ടർ ഓഫ് റിസർച്ച് (കേരള കാർഷിക സർവ്വകലാശാല), രജിസ്ട്രാർ (കേരള കാർഷിക സർവ്വകലാശാല), കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.), ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്, കർഷക പ്രതിനിധികൾ എന്നിവർ അതോറിറ്റിയുടെ ബോർഡ് അംഗങ്ങളാണ്. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിശ്ചിത കാലാവധിയിൽ ബോർഡ് യോഗം ചേർന്ന് വിലയിരുത്തി വരുന്നുണ്ട്. വിത്ത് വികസന |

അതോറിറ്റിയുടെ പ്രവർത്തനം ഇപ്രകാരമാണ്.

1. സംസ്ഥാനത്ത് ആവശ്യമായ നെൽവിത്ത് ഉൽപ്പാദിപ്പിക്കുന്നതിനുള്ള സീഡ് റോളിംഗ് പ്ലാൻ ഓരോ വർഷവും തയ്യറാക്കി കൃഷി ഡയറക്ടർക്ക് സമർപ്പിക്കുന്നു.
2. കൃഷി ഓഫീസർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ആവശ്യപ്രകാരം രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി നടത്തിപ്പിനാവശ്യമായ ഫൗണ്ടേഷൻ വിത്ത് ഫാമുകളിൽ നിന്നും സംഭരിച്ച് രജിസ്റ്റർ ചെയ്ത കർഷകർക്ക് / പാടശേഖര സമിതിക്ക് കൃഷി ഭവൻ വഴി സൗജന്യമായി എത്തിച്ചു കൊടുക്കുന്നു.
3. കർഷകർ / സമിതികൾ രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി പ്രകാരം ഉൽപ്പാദിപ്പിച്ച നെൽവിത്ത് സർട്ടിഫിക്കേഷൻ ടാഗ് ലഭിക്കുന്നതിന് മുമ്പ് സംഭരിച്ച്, സംസ്കരിച്ച് ലേബൽ ചെയ്ത്, ഗോഡൗണുകളിൽ വിതരണത്തിനായി തയ്യാറാക്കി സൂക്ഷിക്കുന്നു. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് നിലവിൽ ആലപ്പുഴയിലും എരുത്തേമ്പതിയിലും ഗോഡൗണുകളും സംസ്കരണ യൂണിറ്റുകളും ഉണ്ട്.
4. കൃഷി ഭവനുകളിൽ നിന്നും ലഭിക്കുന്ന റിക്വസ്റ്റ് പ്രകാരം സർട്ടിഫൈഡ് വിത്ത് (രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി പ്രകാരം സംഭരിച്ചത്) കിലോക്ക് 40/- രൂപ പ്രകാരം വിതരണം നടത്തുന്നു.

കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം കൃഷി ഭവനുകളിൽ നിന്നുള്ള റിക്വസ്റ്റ് പ്രകാരം സൗജന്യമായി കർഷകർക്ക് നെൽവിത്ത് ലഭ്യമാക്കുന്നു. നാഷണൽ സീഡ് റിസേർവ്, സീഡ് വില്ലേജ്, രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) തുടങ്ങിയ കേന്ദ്ര പദ്ധതികളിലും നടപ്പിലാക്കുന്നുണ്ട്.

| | |
|---|---|
| **സി)** കൃഷി വകുപ്പിനു കീഴിലുള്ള സീഡ് ഫാമുകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ; | **സി)** കൃഷി വകുപ്പിൽ 33 സീഡ് ഫാമുകൾ നിലവിലുണ്ട്. വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| **ഡി)** കേരളത്തിൽ രജിസ്റ്റേർഡ് വിത്ത് ഉല്പാദനം നടത്തുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **ഡി)** രജിസ്റ്റേർഡ് വിത്ത് ഉല്പാദന പദ്ധതി പാലക്കാട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിലായി 2500 ഹെക്ടറിൽ 2017-18 വർഷം നടപ്പാക്കി വരുന്നുണ്ട്. വിരിപ്പു, മുണ്ടകൻ സീസൺ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| **ഇ)** കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ ക്രമക്കേട് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ? | **ഇ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിലെ നെല്ല്/ പച്ചക്കറി വിത്ത് സംഭരണം, രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി എന്നിവയിലെ നിർവ്വഹണത്തിലെ ക്രമക്കേടുകൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 3 പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ക്രമക്കേടുമായി ബന്ധപ്പെട്ട 12 ഉദ്യോഗസ്ഥർക്ക് കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. ക്രമക്കേട് സംബന്ധിച്ച് പോലീസ് വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ. നം. | സീഡ് ഫാം | ജില്ല | വിസ്തൃതി (ഹെ.) |
|---|---|---|---|
| 1 | സ്റ്റേറ്റ് സീഡ് ഫാം, ഉള്ളൂർ | തിരുവനന്തപുരം | 7.376 |
| 2 | സ്റ്റേറ്റ് സീഡ് ഫാം, ചിറയിൻകീഴ് | തിരുവനന്തപുരം | 10.6 |
| 3 | സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര | കൊല്ലം | 3.71 |
| 4 | സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ | കൊല്ലം | 8.98 |
| 5 | സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട് | പത്തനംതിട്ട | 7.20 |
| 6 | സ്റ്റേറ്റ് സീഡ് ഫാം, അടൂർ | പത്തനംതിട്ട | 10.25 |
| 7 | സ്റ്റേറ്റ് സീഡ് ഫാം, വീയപുരം | ആലപ്പുഴ | 21.67 |
| 8 | സ്റ്റേറ്റ് സീഡ് ഫാം, അറുന്നൂറ്റിമംഗലം | ആലപ്പുഴ | 8.58 |
| 9 | സ്റ്റേറ്റ് സീഡ് ഫാം, കോഴ | കോട്ടയം | 26.82 |
| 10 | സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | കോട്ടയം | 12.30 |
| 11 | സ്റ്റേറ്റ് സീഡ് ഫാം, കരിമണ്ണൂർ | ഇടുക്കി | 5.27 |
| 12 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | എറണാകുളം | 13.68 |
| 13 | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | എറണാകുളം | 5.32 |
| 14 | സ്റ്റേറ്റ് സീഡ് ഫാം, മണ്ണുത്തി | തൃശ്ശൂർ | 12.2 |
| 15 | സ്റ്റേറ്റ് സീഡ് ഫാം, എടത്തുരുത്തി | തൃശ്ശൂർ | 10.36 |
| 16 | സ്റ്റേറ്റ് സീഡ് ഫാം, നടവരമ്പ് | തൃശ്ശൂർ | 13.25 |
| 17 | സ്റ്റേറ്റ് സീഡ് ഫാം, പഴയന്നൂർ | തൃശ്ശൂർ | 15.76 |
| 18 | സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി | തൃശ്ശൂർ | 9.06 |
| 19 | സ്റ്റേറ്റ് സീഡ് ഫാം, കോടശ്ശേരി | തൃശ്ശൂർ | 8.28 |
| 20 | സ്റ്റേറ്റ് സീഡ് ഫാം, കുന്നന്നൂർ | പാലക്കാട് | 8.78 |
| 21 | സ്റ്റേറ്റ് സീഡ് ഫാം, ആലത്തൂർ | പാലക്കാട് | 8.58 |
| 22 | സ്റ്റേറ്റ് സീഡ് ഫാം, അനങ്ങനാടി | പാലക്കാട് | 7.13 |
| 23 | സ്റ്റേറ്റ് സീഡ് ഫാം, മുതലമട | പാലക്കാട് | 22.44 |
| 24 | സ്റ്റേറ്റ് സീഡ് ഫാം, കോങ്ങാട് | പാലക്കാട് | 7.16 |
| 25 | സ്റ്റേറ്റ് സീഡ് ഫാം, ചൊക്കാട് | പാലക്കാട് | 11.43 |
| 26 | സ്റ്റേറ്റ് സീഡ് ഫാം, ആനക്കയം | മലപ്പുറം | 10.97 |
| 27 | സ്റ്റേറ്റ് സീഡ് ഫാം, തവനൂർ | മലപ്പുറം | 9.07 |
| 28 | സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി | കോഴിക്കോട് | 11.962 |
| 29 | സ്റ്റേറ്റ് സീഡ് ഫാം, പേരാമ്പ്ര | കോഴിക്കോട് | 11.96 |
| 30 | സ്റ്റേറ്റ് സീഡ് ഫാം, വേങ്ങാട് | കണ്ണൂർ | 10.66 |
| 31 | സ്റ്റേറ്റ് സീഡ് ഫാം, പുല്ലൂർ | കാസർഗോഡ് | 18.263 |
| 32 | സ്റ്റേറ്റ് സീഡ് ഫാം, കാസർഗോഡ് | കാസർഗോഡ് | 10.30 |
| 33 | സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ | കണ്ണൂർ | 10.41 |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

| വിരിപ്പ് 2017-18 | | | | | | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|---|---|---|
| ഇനം | പാലക്കാട് | തൃശ്ശൂർ | മലപ്പുറം | എറണാകുളം | ആലപ്പുഴ | ആകെ |
| ഉമ | 718.15 | - | | | 100 | 818.15 |
| ജ്യോതി | 186.40 | 60.125 | | 22 | | 268.525 |
| കാഞ്ചന | 77.30 | 5 | | | | 82.30 |
| ശ്രേയസ് | 25.40 | 2 | | | | 27.40 |
| ചുവന്ന ത്രിവേണി | 20 | | 8 | | | 28.00 |
| ഏഴോം | - | | | 65.27 | | 65.27 |
| **ആകെ** | **1027.25** | **67.125** | **8** | **87.27** | **100** | **1289.645** |

| മുണ്ടകൻ 2017-18 | | | | | | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|---|---|---|
| ഇനം | പാലക്കാട് | തൃശ്ശൂർ | മലപ്പുറം | എറണാകുളം | ആലപ്പുഴ | ആകെ |
| ഉമ | 706.625 | 199.5 | 54 | 17.875 | | 978 |
| ജ്യോതി | 139.25 | 42.125 | 30 | 22.5 | 25 | 258.875 |
| കാഞ്ചന | 24 | | 10 | | | 34 |
| ചുവന്ന ത്രിവേണി | | 12 | | | | 12 |
| ശ്രേയസ് | 6 | | | | | 6 |
| **ആകെ** | **875.875** | **253.625** | **94** | **40.375** | **25** | **1288.875** |

സെക്ഷൻ ഓഫീസർ